(എ) കേരള കശുവണ്ടി തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു രീതിയിലാണ് ഭവന പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ തീരുമാനത്തിന് വിധേയമായിട്ടാണോ കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ ആവശ്യത്തിന് അപേക്ഷ ക്ഷണിച്ചത്; അപേക്ഷ ക്ഷണിച്ചത് എന്നാണ്;

(ഡി) വീട് വയ്ക്കുന്നതിന് ധനസഹായത്തിനായി എത്ര അപേക്ഷ ബോർഡിൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) സർക്കാർ തീരുമാനമില്ലാതെയും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കാതെയുമാണ് കശുവണ്ടി തൊഴിലാളികളിൽ നിന്ന് ക്ഷേമ ബോർഡ് വീട് വച്ചു നൽകുന്നതിന് അപേക്ഷ സ്വീകരിച്ചതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ക്ഷേമബോർഡിൽ ലഭിച്ച അപേക്ഷകളിന്മേൽ എന്നു മുതൽ സഹായമനുവദിച്ചു നൽകുമെന്ന് വെളിപ്പെടുത്തുമോ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ഡി),(ഇ),(എഫ്)&(ജി) ഉദിക്കുന്നില്ല.

92 (2783) തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായമോ ഗ്രാന്റോ നൽകുന്നുണ്ട്;

(ബി) തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായമോ ഗ്രാന്റോ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഇപ്പോൾ ഓരോ തൊഴിലാളി ക്ഷേമനിധിയിലേക്കും നൽകുന്ന അംശദായമോ ഗ്രാന്റോ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെങ്കിലും ക്ഷേമനിധിയിലേക്ക് കൊടുക്കേണ്ടതായ അംശദായമോ ഗ്രാന്റോ കുടിശ്ശികയായിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തിനെല്ലാമാണ് കുടിശ്ശിക വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ),(ബി)&(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉണ്ട്.

(ഇ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി, കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമ നിധി, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമപദ്ധതി എന്നിവയിലേക്ക് കൊടുക്കേണ്ടതായ അംശദായം/ഗ്രാന്റ് തുകയിലാണ് കുടിശ്ശിക വന്നിട്ടുള്ളത്.

93 (2784) അംശദായ കുടിശ്ശിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായ കുടി ശ്ശിക നിശ്ചയിക്കുന്നതിൽ അപാകതയുള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കുവാനുള്ള കാരണം വ്യക്തമാ ക്കുമോ;

(സി) ഇപ്രകാരം അധിക തുക ഈടാക്കുവാനുള്ള നടപടി പുനഃപരി ശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിൽ മയ്യിൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ ഹർജിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാ ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കണ്ണൂർ ജില്ലയിലെ മയ്യിൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരള കൈത്തറിത്താഴിലാളി ക്ഷേമനിധി നിയമം 4(2) വകുപ്പ് പ്രകാരമുള്ള വ്യാപാരി അംശദായമടക്കാത്തതിനാൽ, ആയത് ഈടാക്കാൻ ജപ്തി നടപടി സ്വീകരിച്ചിരുന്നു. 1.4.1994 മുതൽ 31.3.1997 വരെയുള്ള കാലത്തെ അംശദായം തിട്ടപ്പെടുത്തൽ ഉത്തരവ്, ഡിമാന്റ് നോട്ടീസ് എന്നിവ 1998 ഒക്ടോബറിന് മുമ്പ് കൈപ്പറ്റിയിട്ടും 30.4.1999-ന് ജപ്തി നടപടി സ്വീകരിക്കുന്നതുവരെ സൊസൈറ്റി യാതൊരു മറുപടിയും ബോർഡിന് അയ ച്ചിട്ടില്ല. ജപ്തി നടപടി സ്വീകരിച്ചതിന് ശേഷം 29.6.1999-ന് സൊസൈറ്റി നിർദ്ദിഷ്ട സ്ലാബ് നിരക്കിൽ അംശദായം അടച്ചതായി അറിയിച്ചിട്ടുണ്ട്. അന്തിമ തിട്ടപ്പെടുത്തലിനെതിരെ നിയമാനുസൃതം അപ്പീൽ സമർപ്പിച്ചതായി അറിവില്ല. പുനഃപരിശോധനയ്ക്ക് ഹർജി ലഭിച്ചിട്ടില്ല. നിയമാനുസൃത പുനഃപ രിശോധനയ്ക്ക് വ്യവസ്ഥയുമില്ല.

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

15.7.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (2692) കാണുക

തിരജ്യോതി പദ്ധതി നടത്തിപ്പിന്റെ ജില്ല തിരിച്ചുള്ള പ്രവർത്തന പുരോഗതി

ജില്ല	അനുവദിച്ച തുക (ലക്ഷത്തിൽ)			വയറിംഗ് പൂർത്തിയാക്കിയ വീടുകളുടെ എണ്ണം		
	1997-98	1998-99	1999-2000	1997-98	1998-99	1999-2000
തിരുവനന്തപുരം	5.00	10.00	10.00	453	-	-
കൊല്ലം	3.00	6.00	6.00	300	33	-
ആലപ്പുഴ	4.00	8.00	8.00	310	30	-
കോട്ടയം	1.50	3.00	3.00	145	160	-
പത്തനംതിട്ട	.50	1.00	-	38	13	-
എറണാകുളം	3.00	6.00	6.00	102	-	-
തൃശ്ശൂർ	3.00	6.00	6.00	208	58	-
മലപ്പുറം	2.00	4.00	5.00	184	45	-
കോഴിക്കോട്	3.00	6.00	6.00	257	96	-
കണ്ണൂർ	3.00	6.00	6.00	142	-	-
കാസർഗോഡ്	2.00	4.00	4.00	106	-	-
ആകെ	30.00	60.00	60.00	2245	435	-

അനുബന്ധം - II

15.7.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 92 (2783) കാണുക

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധിയിലേക്ക് സർക്കാർ നൽകിവരുന്ന അംശദായം/ഗ്രാന്റ് എന്നിവയെ സംബന്ധിച്ച വിവരം

	ക്ഷേമനിധി	മാനദണ്ഡം	ഇപ്പോൾ നൽകിവരുന്ന തുക (രൂപ)
1	കേരളകശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി	തൊഴിലാളി വിഹിതത്തിന്റെ ഇരട്ടി	1 കോടി രൂപ
2	കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി	തൊഴിലാളികളുടെയും സ്വയം തൊഴിലുകാരുടെയും വിഹിതത്തിന്റെ ഇരട്ടി	18.2 ലക്ഷം
3	കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി	തൊഴിലാളി വിഹിതത്തിന്റെ 10%	1 ലക്ഷം
4	കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി	തൊഴിലാളി വിഹിതത്തിന്റെ 10%	16 ലക്ഷം
5	കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി	അംഗങ്ങൾ അടയ്ക്കുന്ന ഓരോ 10/- രൂപയ്ക്ക് 2/- രൂപ എന്ന നിരക്കിൽ	60 ലക്ഷം
6	കേരള ഓട്ടോറിക്ഷത്തൊഴിലാളി ക്ഷേമനിധി	അംഗങ്ങളടയ്ക്കുന്ന തുകയുടെ 10%	ഇതുവരെയും തുക നൽകിയിട്ടില്ല
7	കേരള ബീഡിത്തൊഴിലാളി ക്ഷേമനിധി	തൊഴിലാളി വിഹിതത്തിന് തുല്യമായ തുക	15.3.1999-ൽ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ

അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly